# പരോപകാരം ചെയ്യുന്നവനെയാണ് അല്ലാഹുവിനിഷ്ടം

عَنْ عَبْدِ اللَّهِ بْنِ عُمَرَ رَضِيَ اللَّهُ عَنْهُمَا أَنَّ رَسُولَ اللَّهِ ﷺ قَالَ: الْمُسْلِمُ أَخُو الْمُسْلِمِ، لاَ يَظْلِمُهُ وَلاَ يُسْلِمُهُ، مَنْ كَانَ فِي حَاجَةِ أَخِيهِ كَانَ اللَّهُ فِي حَاجَتِهِ، وَمَنْ فَرَّجَ عَنْ مُسْلِمٍ كُرْبَةً فَرَّجَ اللَّهُ عَنْهُ كُرْبَةً مِنْ كُرُبَاتِ يَوْمِ الْقِيَامَةِ، وَمَنْ سَتَرَ مُسْلِمًا سَتَرَهُ اللَّهُ يَوْمَ الْقِيَامَةِ

ഇബ്നുഉമറിൽനിന്നും നിവേദനം: നബി(സ) പറഞ്ഞു: ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. ഒരാൾ മറ്റെയാളെ ആക്രമിക്കുകയോ ശത്രുവിന് ഏൽപ്പിച്ചു കൊടുക്കുകയോ ഇല്ല. ഒരാൾ തന്റെ സഹോദരന്റെ ആവശ്യം നിറവേറ്റാനുള്ള ശ്രമത്തിലാണെങ്കിൽ അവന്റെ ആവശ്യം അല്ലാഹുവും നിറവേറ്റും. ഒരാൾ ഒരു മുസ്‌ലിമിന്റെ ഒരു ആപത്ത് ദൂരീകരിക്കുന്നപക്ഷം അന്ത്യനാളിൽ അല്ലാഹു അയാളുടെ ആപത്തും ദൂരീകരിക്കും. ഒരാൾ ഒരു മുസ്‌ലിമിന്റെ വീഴ്ചകൾ മറച്ചുവെക്കുന്നപക്ഷം അയാളുടെ വീഴ്ചകൾ അന്ത്യനാളിൽ അല്ലാഹുവും മറച്ചുവെക്കും (ബുഖാരി, മുസ്‌ലിം).

പുണ്യങ്ങൾ കരസ്ഥമാക്കാനുള്ള നന്മയുടെ മാർഗങ്ങളാൽ സമൃദ്ധമാണ് അല്ലാഹുവിന്റെ നിർദേശങ്ങളും പ്രവാചക അധ്യാപനങ്ങളും. സ്വർഗ പ്രവേശനം എളുപ്പമാക്കുന്ന സൽക്കർമങ്ങൾ ചെറുതെന്നോ വലുതെന്നോ നോക്കാതെ അനുഷ്ഠിക്കുന്നതിൽ ധൃതി കാട്ടേണ്ടവരാണ് സത്യവിശ്വാസികൾ. അല്ലാഹുവിനോടുള്ള ബാധ്യതകളെല്ലാം കൃത്യമായി നിറവേറ്റി പ്രതിഫലം കരസ്ഥമാക്കന്നതോടൊപ്പം, നന്മയുടെ തുലാസിൽ കനം കൂട്ടാനുതകുന്ന മറ്റു സൽപ്രവർത്തനങ്ങളിലും നിരതരാകും അവർ. സഹജീവികളോടുള്ള ബാധ്യതകളെക്കുറിച്ച് അവർ ബദ്ധ ശ്രദ്ധരുമായിരിക്കും. ജനങ്ങളുടെ ആവശ്യങ്ങളറിഞ്ഞ് നിവർത്തിച്ചുകൊടുക്കുക, സഹജീവികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും കണ്ടറിഞ്ഞ് അവയകറ്റാനുള്ള സേവന- സഹായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക, അവരോട് കാരുണ്യം പ്രകടിപ്പിക്കുക ഇങ്ങനെ നീണ്ട ഒരു പട്ടികതന്നെ പുണ്യകർമങ്ങളുടെ കൂട്ടത്തിൽ പ്രവാചകൻ (സ) പഠിപ്പിക്കുന്നു: “ഒരു വിശ്വാസിയുടെ ഭൗതിക പ്രയാസങ്ങളെ അകറ്റുന്നവന് അല്ലാഹു പാരത്രിക പ്രയാസങ്ങളെ അകറ്റികൊടുക്കുന്നതാണ്. പ്രയാസപ്പെടുന്നവർക്ക് സൗകര്യമൊരുക്കിക്കൊടുക്കുന്നവന് അല്ലാഹു ഇഹലോകത്തും പരലോകത്തും സൗകര്യം ഒരുക്കിക്കൊടുക്കുന്നതാണ്. ഒരു മുസ്‌ലിമിന്റെ പോരായ്മകൾ മറച്ചുവെക്കുന്നവന്റെ പോരായ്മകൾ ഇഹത്തിലും പരത്തിലും അല്ലാഹു മറച്ചുവെക്കുന്നതാണ്. സ്വന്തം സഹോദരന് സഹായിയായി നിലകൊള്ളുന്ന അടിമയോടൊപ്പം അല്ലാഹുവും സഹായിയായി നിലകൊള്ളുന്നതാണ്”(മുസ്‌ലിം).

എവിടെയെല്ലാം നന്മകൾ കാണുന്നുവോ, അതെത്ര നിസ്സാരമായാലും അമൂല്യമായി കാണുന്നവനാണ് വിശ്വാസി. നബി (സ) പറഞ്ഞു: “നീ അല്ലാഹുവിനെ സൂക്ഷിക്കുക. നിന്റെ തോൽ പാത്രത്തിൽ നിന്ന് ആവശ്യക്കാരന് അൽപം വെള്ളമൊഴിച്ച് കൊടുക്കുന്നതും നിന്റെ സഹോദരനെ മുഖപ്രസന്നതയോടെ കാണുന്നതുമടക്കം ഒരു നന്മയും നീ നിസ്സാരമായിക്കാണരുത്.”

അല്ലാഹുവിന് ഏറ്റവും ഇഷ്ടം ജനങ്ങൾക്ക് ഉപകാരം ചെയ്യുന്നവരെയാണ്. ഒരു വിശ്വാസിയെ സന്തോഷിപ്പിക്കുക, അല്ലെങ്കിൽ അവന്റെ വിഷമമകറ്റുക, കടബാധ്യതതീർത്ത് കൊടുക്കുക, വിശപ്പിന് പരിഹാരം കാണുക തുടങ്ങിയ കർമങ്ങൾ അല്ലാഹുവിന് ഏറെ ഇഷ്ടമുള്ളതാണ്. സ്വസഹോദരന്റെ ആവശ്യപൂർത്തീകരണത്തിനായി അവന്റെ കൂടെ നടക്കുന്നത് ഒരു മാസം പള്ളിയിൽ ഇഅ്തികാഫ് ഇരിക്കുന്നതിനേക്കാൾ അവൻ ഇഷ്ടപ്പെടുന്നു. അല്ലാഹുവിന്റെ പൊരുത്തവും അനുഗ്രഹവും നേടിയെടുക്കാൻ സഹായകമായ കാര്യമത്രെ സഹജീവികൾക്ക് നന്മ ചെയ്യുകയെന്നത്.

ഈ ലോകത്ത് പ്രയാസപ്പെടുന്നവന്റെ കണ്ണീരൊപ്പിയും വിശക്കുന്നവന്റെ വിശപ്പകറ്റിയും ദാഹിക്കുന്നവന് ദാഹജലം നൽകിയും ആപത്തുകളിലകപ്പെടുന്നവർക്ക് ആശ്വാസം നൽകിയും വെളിച്ചമായി ജീവിക്കുന്നവർ, പരലോകത്തും പ്രകാശം പരത്തുന്ന കാരുണ്യ പ്രവർത്തകരായിരിക്കുമെന്ന് നബി (സ) പറഞ്ഞിട്ടുണ്ട്.

ജീവിതം മറ്റുള്ളവക്ക് കൂടി ഉപകാരപ്രദമായിരിക്കണമെന്നാണ് യഥാർഥ വിശ്വാസി ആഗ്രഹിക്കുക. മാത്രമല്ല, തനിക്ക് കിട്ടിയ അനുഗ്രഹങ്ങളെ മറ്റുള്ളവരുടെ കൂടി ഉപകാരത്തിനായി അല്ലാഹു ഏൽപിച്ച അമാനത്തായി അവൻ കാണുന്നു . അങ്ങനെ തന്നാലാവുന്നവിധം ശാരീരികമായും മാനസികമായും സാമ്പത്തികമായും മറ്റെല്ലാ തരത്തിലും സ്വർഗവഴിയിലൂടെ കടന്നുപോകാൻ കൊതിപൂണ്ടിരിക്കുമ്പോഴാണ് വിശ്വാസം വെളിച്ചമാകുന്നത്. ആ വെളിച്ചത്തിനാണ് ഇന്ന് ലോകം കാത്തിരിക്കുന്നതും. ■